# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5242. 30.06.2014 ൽ മറുപടിയ്ക്ക്.

ടാക്സികൾക്ക് ഫ്രീപെർമിറ്റ്, ഫ്രീടാക്സ് എന്നിവയ്ക്കുള്ള അപേക്ഷ

| | ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര കേരളാ പെർമിറ്റ് ടാക്സി (മോട്ടോർകാബ്)കൾക്ക് തമിഴ്നാട് - കർണ്ണാടക സംസ്ഥാനങ്ങളിലൂടെ ഫ്രീപെർമിറ്റും ഫ്രീടാക്സും അനുവദിച്ചു നൽകി എന്നു വ്യക്തമാക്കുമോ; ഇപ്പോഴും ആയതു തുടരുന്നുണ്ടോ ; | (എ) | 3 കേരളാ പെർമിറ്റ് ടാക്സി (മോട്ടോർ ക്യാബ്) കൾക്ക് തമിഴ്നാട് സംസ്ഥാനത്തുകൂടി ഫ്രീ പെർമിറ്റും ഫ്രീ ടാക്സും അനുവദിച്ചു നൽകിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തിലേയ്ക്ക് ഒന്നും തന്നെ അനുവദിച്ചിട്ടില്ല. നിലവിൽ വേക്കൻസി ഇല്ലാത്തതിനാൽ മേൽ സംസ്ഥാനങ്ങളിലേക്ക് ഇപ്പോൾ ഫ്രീ പെർമിറ്റും ഫ്രീ ടാക്സും അനുവദിച്ചു നൽകുന്നില്ല |
| (ബി) | കെ.എൽ. – 05 – കെ – 9644 എന്ന മോട്ടോർ കാബിന് രണ്ടുവർഷത്തിനു മുമ്പ് തമിഴ്നാട് സംസ്ഥാനത്തേക്കുള്ള ഫ്രീടാക്സ്, ഫ്രീപെർമിറ്റ് എന്നിവയ്ക്കായി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ അപേക്ഷിച്ചിരുന്നുവെങ്കിലും നാളിതു വരെ ആയതു ലഭിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ; | (ബി) | കെ.എൽ. - 05 - കെ - 9644 മോട്ടോർ ക്യാബിന് തമിഴ്നാട് സംസ്ഥാനത്തേയ്ക്കുള്ള ഫ്രീടാക്സ്, ഫ്രീപെർമിറ്റ് എന്നിവയ്ക്കുള്ള അപേക്ഷ 13-03-2013-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ ലഭിച്ചിരുന്നു. എന്നാൽ വേക്കൻസി നിലവിലില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. പ്രസ്തുത അപേക്ഷ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേക്കൻസി വരുന്ന മുറയ്ക്ക് അപേക്ഷ പരിഗണിക്കുന്നതാണ്. |
| (സി) | ഇതരസംസ്ഥാനങ്ങളിലേക്ക് പോകുന്നതിന് ടാക്സികൾക്ക് ഫ്രീപെർമിറ്റും ഫ്രീടാക്സും അനുവദിക്കുന്നതിൽ സീനിയോറിറ്റി പാലിക്കാത്തതു സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.